സഹകരണം

53. സഹകരണപ്രസ്ഥാനത്തിന്റെ അടിത്തറ വികസിപ്പിക്കുന്നതിന് കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ ഈ ഗവൺമെന്റ് കൈവരിച്ച നേട്ടം അസാധാരണമാണ്. സ്വയം സഹായഗ്രൂപ്പ് പദ്ധതി, പൊതുവിതരണ സേവന രംഗങ്ങളിലെ "നീതി സ്റ്റോറുകൾ", റബ്കോയുടെയും റെയിഡ്കോയുടെയും ഉല്പാദന ശ്രമങ്ങൾ എന്നിവ ഇവയിൽ ചിലതു മാത്രമാണ്. കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) 6 പുതിയ എഞ്ചിനീയറിംഗ് കോളേജുകളും ഒരു മെഡിക്കൽ കോളേജും തുടങ്ങി. ഈ ഗവൺമെന്റിന്റെ മറ്റൊരു നേട്ടമായ കേരള സഹകരണ ഭേദഗതി നിയമം സഹകരണപ്രസ്ഥാനത്തെ ശക്തിപ്പെടുത്താനും സ്വതന്ത്രമാക്കാനും ഉതകുന്നതാണ്. ഈ കാതലായ മേഖലയ്ക്കായി ഞാൻ 62 കോടി രൂപ മാറ്റിവയ്ക്കുന്നു.

ഗതാഗതം (റോഡുകളും ഉൾനാടൻ ജലഗതാഗതവുമുൾപ്പെടെ)

54. ഗതാഗതത്തിനായി വകയിരുത്തിയിട്ടുള്ള ആകെ തുക 539.29 കോടി രൂപയാണ്. ഇതിലെ പ്രധാന ഇനങ്ങളായ റോഡുകൾക്കും പാലങ്ങൾക്കും 460 കോടി രൂപയുടെ വിഹിതം കിട്ടും. റോഡു നിർമ്മാണരംഗത്ത് വൻ കുതിച്ച് ചാട്ടമാണ് നാം നടത്തിയത്. സംസ്ഥാന ഹൈവേ പദ്ധതികളെ നിലവിലുള്ള വായ്പാ പദ്ധതിയിൽ ഉൾപ്പെടുത്താമെന്ന് ലോകബാങ്ക് സമ്മതിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 88 കോടി രൂപ നീക്കി വച്ചിട്ടുണ്ടെന്ന് അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഈ ബൃഹത്പദ്ധതിയുടെ പ്രാരംഭ ജോലികൾ പൂർത്തീകരിക്കുന്നതിന് ഇത് സഹായകമാണ്. പുതിയതായി രൂപീകരിച്ച റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ റെയിൽവേയുമായി സഹകരിച്ച് റെയിൽവേ മേൽപ്പാലങ്ങളുടെ ശൃംഖലതന്നെ പണിയുന്നതിനുള്ള നടപടികളുമായി ബഹുദൂരം മുന്നേറിക്കഴിഞ്ഞു. ഈ മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ആദ്യഘട്ടം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു കഴിഞ്ഞു. മലേഷ്യൻ പ്രധാനമന്ത്രിയുമായി മുഖ്യമന്ത്രി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കോട്ടയം-കുമരകം റോഡ്, ശബരിമല റോഡ്, കുമരകം- ചേർത്തല റോഡ് തുടങ്ങിയ വൻകിട പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതാണ്. ആലുവ-അങ്കമാലി റോഡ് നാലുവരി പാതയായി നിർമ്മിക്കുന്നതിനുള്ള കരാർ 2001 മാർച്ചിൽ ഉറപ്പിക്കാൻ കഴിയും എന്ന് പ്രഖ്യാപിക്കാൻ എനിക്കു സന്തോഷമുണ്ട്.

55. ഉൾനാടൻ ജലഗതാഗത മേഖലയ്ക്ക് ഈ ബഡ്ജറ്റിൽ 16.73 കോടി രൂപ ഞാൻ നീക്കിവച്ചിട്ടുണ്ട്. 3.22 കോടി രൂപ ചെലവിൽ കൊറ്റി-കോട്ടപ്പുറം ജലപാതയുടെ ഉദ്ധാരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. സുൽത്താൻ കനാൽ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായതോടുകൂടി കൊറ്റി-പറശ്ശിനിക്കടവ് റൂട്ടിൽ ബോട്ട് സർവ്വീസ് തുടങ്ങിയിട്ടുണ്ട്. സുൽത്താൻ കനാൽ പദ്ധതിയുടെ രണ്ടാം

LIBRARY ARCHIVES Kerala Legislative Assembly

ഘട്ടപ്രവർത്തനം പുരോഗതിയിലാണ്. കൊറ്റി-വളപട്ടണം-പറശ്ശിനിക്കടവ് ബോട്ട് റൂട്ട് മെച്ചപ്പെടുത്തുന്നതിന് 5 കോടി രൂപ ഞാൻ നീക്കി വച്ചിരിക്കുന്നു. ആലപ്പുഴ-കോട്ടയം, ആലപ്പുഴ-ചങ്ങനാശ്ശേരി, കോട്ടയം-വൈക്കം എന്നീ ജലമാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് 1.2 കോടി അമേരിക്കൻ ഡോളറിന്റെ (56 കോടി രൂപ) ലോകബാങ്ക് സഹായം ലഭ്യമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

56. തിരുവനന്തപുരം ജനാവലിയുടെ ആഗ്രഹാഭിലാഷങ്ങൾക്കനുസൃതമായി തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളത്തിന്റെ വികസനത്തിന് 11 കോടി രൂപ നീക്കി വച്ചിട്ടുണ്ടെന്നറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

ജലവിതരണം

57. ശുദ്ധജല വിതരണത്തിന് ഈ ഗവൺമെന്റ് അങ്ങേയറ്റത്തെ പ്രാധാന്യം നൽകിയിട്ടുണ്ട്. പദ്ധതി ഇനത്തിൽ 221.27 കോടി രൂപ ഇതിനായി പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. ശാസ്ത്രീയമായ ജലവിതരണത്തിനും സംരക്ഷണത്തിനും പ്രാധാന്യം നൽകുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നു. ഇതിനു പുറമേ വരും വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾ, ത്വരിതഗതിയിലുള്ള ഗ്രാമീണ-നഗര ശുദ്ധജലവിതരണ പദ്ധതികൾ, ടെക്നോളജി മിഷൻ പദ്ധതികൾ, എൽ.ഐ.സി, ഹഡ്കോ തുടങ്ങിയവരുടെ സഹായത്തോടുകൂടിയുള്ള പദ്ധതികൾ എന്നിവയും നടപ്പിലാക്കുന്നതാണ്. ഗ്രാമീണ സ്കൂളുകളിലേയ്ക്കുള്ള ശുദ്ധജലവിതരണ പദ്ധതികളും മഴവെള്ളം ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികളും കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നു. ത്വരിതഗതിയിലുള്ള ഗ്രാമീണ ശുദ്ധജല പദ്ധതിവിഹിതത്തിന്റെ 20 ശതമാനം കേന്ദ്ര സർക്കാർ ഘടക നവീകരണത്തിനായി ഇപ്പോൾ മാറ്റി വച്ചിരിക്കുന്നു. ജനകീയ പങ്കാളിത്തത്തോടും ഓഹരി വിഹിതത്തോടും കൂടി ആവശ്യം അനുസരിച്ച് ഈ പദ്ധതികൾ നടപ്പാക്കി വരുന്നു. ഒരു പൈലറ്റ് പദ്ധതിയെന്ന നിലയിൽ കൊല്ലം, കാസർഗോഡ് ജില്ലകൾ തെരഞ്ഞെടുത്തിട്ടുണ്ട്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പരമപ്രധാന തത്വമായ ജനകീയ പങ്കാളിത്തത്തോടെ 400 കോടി രൂപ അടങ്കലിൽ നാലു ജില്ലകളിൽ ലോക ബാങ്ക് സഹായത്തോടെ നൂതനമായ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ എടുത്തു പറയത്തക്ക ഒരു നേട്ടമാണ്.

വിദ്യാഭ്യാസം

58. മുൻകാലങ്ങളിലെപ്പോലെതന്നെ ബഡ്ജറ്റിന്റെ സിംഹഭാഗവും വിദ്യാഭ്യാസത്തിനായി നീക്കി വച്ചിരിക്കുന്നു. 2969.37 കോടി രൂപയാണ് ഈ വർഷത്തെ വിദ്യാഭ്യാസത്തിന്റെ മൊത്തം അടങ്കൽ. സർക്കാർ അതിന്റെ നയത്തിന്റെ ഭാഗമായി കോളേജിൽനിന്നും പ്രീഡ്രിഗ്രി പൂർണ്ണമായും വേർപ്പെടുത്തി. 417 സർക്കാർ സ്കൂളുകൾ ഉൾപ്പെടെ 931 വിദ്യാലയങ്ങളിൽ ഹയർ സെക്കന്ററി കോഴ്സ് നടത്തിവരുന്നു. പൊതുവിദ്യാഭ്യാസത്തിന് മൊത്തം അനുവദിച്ചിട്ടുള്ള പദ്ധതി വിഹിതമായ 118.5 കോടി രൂപയിൽ 40 കോടി രൂപയുടെ ഉയർന്ന വിഹിതം ഹയർസെക്കന്ററി വിദ്യാഭ്യാസത്തിന് മാത്രമായി ഞാൻ നീക്കി വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

RUBCO and RAIDCO are a few. Under the Co-operative Academy of Professional Education (CAPE), 6 new engineering colleges and one medical college have been started. The Kerala Co-operative Amendment Act- another achievement of this Government will make the Co-operative movement stronger and independent. This year I have provided an outlay of Rs. 62 cr. for this vital sector.

TRANSPORT (INCLUDING ROADS AND INLAND WATERWAYS)

54. The total allocation for Transport in my budget is Rs. 539.29 cr. The major allocation is for Roads and Bridges , which will get a total provision of Rs.460 cr. In the roads sector we have had a major break-through. The World Bank has agreed to include the State Highways project in the lending pipeline of projects. I am happy to announce that Rs. 88 cr. has been set apart for the Project. This will enable us to complete the preliminary work of the mega project. The newly formed Roads and Bridges Development Corporation has gone ahead with the activities to construct a chain of Railway Over Bridges, jointly with the Railways. The Honourable Chief Minister has inaugurated the first batch of these overbridges. On the basis of dicussions, which the Chief Minister has with the Malayasian Prime Minister, we will be taking up major road projects, which include the rehabilitation of the Sabarimala road and the Kumarakam Cherthala Road and construction of the Kottayam Kumarakam road. I am also happy to announce that the Aluva-Angamali four-laning contract will be awarded by March 2001.

55. I have also earmarked an amount of Rs. 16.73 cr. for Inland Water Tranpsort in this budget. Imrpovements to the Kotti- Kottappuram waterway for Rs. 3.22 cr. are being implemented. With the completion of the Sultan Canal Phase I works, boat service in the Kotti-Parassinikadavu route has been started. The Phase II Sultan Canal project is in progress. For improvements to Kotti-Valapattanam-Parasinikadavu Boat route, I have set apart an amount of Rs. 5 crore. World Bank is expected to assist a $ 1.2 cr. project (Rs. 56 cr.) for the Alappuzha-Kottayam, Alappuzha-Changanacherry and Kottayam-Vaikom water routes.

56. Taking into account the aspirations of the people of Trivandrum, I am happy to announce that I have earmarked an amount of Rs. 11 cr. in my budget for the Trivandrum International Airport.

LIBRARY ARCHIVES Kerala Legislative Assembly